## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5537 04.07.2013 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ

ചോദ്യം

**ശ്രീ.ലൂഡി ലൂയിസ്**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.പി.എ.മാധവൻ**
**ശ്രീ.വി.പി.സജീന്ദ്രൻ**

ഉത്തരം

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്. നിലവിൽ ഉപയോഗിച്ചു വരുന്ന NIC യുടെ Client Server based Thozhil software ന് പകരം എവിടെ നിന്നും എപ്പോഴും അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാകുന്നതുമായ പുതിയൊരു web enabled software, Kerala State IT Mission മുഖാന്തിരം നിർമ്മിക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംവിധാനം വഴി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് വകുപ്പിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്ന web enabled software വികസിപ്പിക്കുന്നത് Kerala State IT Mission മുഖേനയാണ്. സേവനങ്ങൾ ഓൺലൈനാക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്. |
| (സി) | ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്.എം.എസ്. അലേർട്ട് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | IT Mission മുഖാന്തിരം പുതുതായി നിർമ്മിക്കുന്ന Web enabled Software -ൽ എസ്.എം.എസ് അലേർട്ട് സംവിധാനം കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | Software ആകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ